സർ, തിരുവിതാംകൂറിന്റെ ബൌണ്ടറിയിൽനിന്നു ഏതാണ്ട് ഒരു ഫർലോങ്ങ് അടുത്തുവരെ ഈ റോഡ് പണിപൂർത്തിയാക്കി നിറുത്തിയിട്ടുണ്ട്. ഇനി ഒരു ഫർലോങ്ങ് നീളത്തിലുള്ള റോഡും ഒരു ചെറിയ പാലവുംകൂടി തീർത്താൽ തിരുവിതാകൂറിൽ മുപ്ലാറവുഴ അറവരെ പോകാം. പേപ്പതിപ്പാറ മുതലായസ്ഥലങ്ങളിൽനിന്നു വഞ്ചിമാർഗ്ഗം കൊച്ചി, ആലപ്പുഴ മുതലായ സ്ഥലങ്ങളിലേക്കു പോകാം. ഇതു ബഹുമാനപ്പെട്ട ചീഫ് എഞ്ചിനീയറുടെ ശ്രദ്ധയിൽ ഇതിനു മുമ്പും പെടുത്തിട്ടുള്ളതും, ഇപ്പോഴും ഒന്നുകൂടി ശ്രദ്ധയിൽ പെടുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി കൊണ്ടുവന്നിട്ടുള്ളതുമാണ്. ഇതിൽ കൂടുതലായി എനിക്കൊന്നും പറയുവാനില്ല.

Mr. Puthur Achyuta Menon *(Kattur):* I second it.

Mr. V. K. Aravindaksha Menon *(Chief Engineer):* The present road goes as far as the Travancore boundary but near the boundary a bridge has to be constructed. There is no road in continuation of the Travancore boundary. So the question of opening the road will depend upon the consent of the Travancore Government to open their portion of the road. I will look into the question.

മിസ്റ്റർ പി. മാണി: സർ, തിരുവിതാംകൂറിൽ ഒരു ഫർലോങ്ങുകൂടി ഉണ്ടെന്നു പറഞ്ഞു അവിടത്തെ ജനങ്ങൾതന്നെ സ്വന്തനിലയിൽ റോഡുണ്ടാക്കുവാൻ ഒരുക്കമാണ്. ഇവിടെ ഒരു ഫർലോങ്ങുമാത്രം റോഡു കിട്ടിയാൽ മതി. ഈ സംഗതി ബഹുമാനപ്പെട്ട ചീഫ് എഞ്ചിനീയറുടെ ശ്രദ്ധയിൽപെടുത്തികൊണ്ട് ഇതു പിൻവലിക്കുവാൻ ഞാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

Cut motion, by leave, withdrawn

The House rose for lunch at 1-30 and re-assembled at 2-30 p.m. with the Panel Chairman, Mr. A. Eachara Menon in the Chair

CUT MOTION No. 15

Karuvannur Moorkanad Bund

Mr. Puthur Achyuta Menon *(Kattur):* I rise to move the cut to reduce the allotment of Rs. 12,22,453 for communication in Demand No. 30 by Re. 1. *To bring to the notice of the Government the urgent necessity of repairing the Karuvannur-Moorkanad Bund.*

സർ, പബ്ലിക്ക് വർക്സ് ഡിപ്പാർട്ടുമെന്റിനു പരിമിതമായിട്ടുള്ള ഒരു പ്രമേയമാണ് ഈ ഉപക്ഷേപത്തിൽ ഞാൻ വിവക്ഷിച്ചിട്ടുള്ളത്. ആദ്യം ഇങ്ങനെയുള്ള കാര്യങ്ങൾ പറയുമ്പോൾ സർക്കാരിന്റെ ധനസ്ഥിതിയെപ്പറ്റി യാതൊരു ചിന്തയും കൂടാതെയാണ് ഇവിടെയുള്ള മെമ്പറന്മാർ പ്രസംഗിക്കുന്നതെന്നു മരാക്ഷേപം ട്രഷറിബഞ്ചിൽനിന്നു പുറപ്പെട്ടുവിക്കുകയുണ്ടായി.

മിസ്റ്റർ പി. വി. റാഫേൽ: അശേഷമില്ല.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: ഇന്നു പതിവില്ലെങ്കിലും പണ്ട് ഈ വാദം ഈ കൊൺസിലിനു സുപരിചിതമണെന്നുള്ളതു ഈ കൌൺസിലിലെ പ്രൊസീഡിംഗ്സ് വിളിച്ചു പറയുന്നുണ്ട്. സർ, പണം ഇല്ലെന്നുള്ള വാദം ഇനി മേലാൽ ഈ കൌൺസിലിലെ അംഗങ്ങൾ സ്വീകരിക്കാൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം. കാരണം, പണം ആവശ്യമുള്ള സന്ദർഭങ്ങളിലെല്ലാം പണമില്ലെങ്കിലും ഗവർമ്മെണ്ടിനു ഉണ്ടാക്കാൻ സാധിക്കുമെന്നു ഞങ്ങൾ പഠിപ്പിച്ചുകഴിഞ്ഞിട്ടുള്ള യുറോപ്പിലെ പ്രജായത്ത ഭരണത്തിന്റെ നിലനില്പിനുള്ള "നമ്മുടെ" യുദ്ധത്തിനു കൊച്ചി ഗവർമ്മെണ്ടു പണമുണ്ടോ ഇല്ലയോ എന്നാലോചിച്ചുകൊണ്ടല്ല പണം ചിലവിട്ടിട്ടുള്ളതെന്നു നമ്മൾ കാണുന്നുണ്ട്. നാട്ടുകാരുടെ സ്ഥിതിഗതികളെപ്പറ്റി അന്വേഷിക്കാനൊ ചിന്തിക്കാനൊ ഒരുങ്ങാതെ ആവശ്യംവരുമ്പോൾ ഗവർമ്മെണ്ടു പണമുണ്ടാക്കുന്നുണ്ട്. എന്നാൽ അതിലും വലിയൊരു യുദ്ധം നമ്മുടെ രാജ്യത്തിൽ നടന്നുകൊണ്ടിരിക്കുന്നുണ്ട്. അതിനുകൂടി നമ്മൾ പണമുണ്ടാക്കണം. മനുഷ്യർക്കു പല വിഷമങ്ങളുമുണ്ട്. നിങ്ങൾ നിങ്ങളുടെ അസ്ഥാനത്തിരിക്കുമ്പോൾ ഇടത്തോളംകാലം പണമുണ്ടാക്കാനുള്ള മാർഗ്ഗമല

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങളുടേതാണ്. അതിനു നിങ്ങൾ തയ്യാറില്ലെങ്കിൽ നിങ്ങൾ ആ സ്ഥാനം മാറിയിരിക്കേണ്ടതാണ്.

കരുവന്നൂർ, മുക്കാട്ടു എന്നുകേട്ടാൽതന്നെ മലവെള്ളം കേറീട്ടുണ്ടു് എന്നാണു് നമുക്കു് ആലോചന വരാറു്. ഗവൺമെണ്ടിൽനിന്നു കരുവന്നൂർപുഴയിലെ മലവെള്ളം തടയാൻ ധാരാളം പണം ചിലവാക്കീട്ടുണ്ടു്. ഈ തവണയും അങ്ങിനെ ചെയ്തിട്ടുണ്ടു്. പക്ഷെ കൊല്ലംതോറും കുറേശ്ശെ പണം അവിടെ ചിലവാക്കീതുകൊണ്ടു് യാതൊരു രക്ഷയും അവിടത്തെ ജനങ്ങൾക്കു കിട്ടാനില്ല. എത്രയോകാലംമുമ്പുണ്ടാക്കീട്ടുള്ള കരുവന്നൂർ മുക്കാട്ടു ബണ്ടു് ഏതേതുഭാഗം കേടുവന്നിട്ടുണ്ടോ അതാതുഭാഗം നന്നാക്കുകയൊ, പുതിയതായി കെട്ടുകയൊ പുഴക്കടത്തുകിടക്കുന്ന ബണ്ടിന്റെഭാഗം മാറ്റിയിടുകയൊ എന്താണു് വേണ്ടതെന്നാൽ അതൊക്കെ ചെയ്യേണ്ടതു ഇഞ്ചിനീയർ ഡിപ്പാർട്ടുമെണ്ടിന്റെ ചുമതലയാണു്. എങ്ങിനെ നേരേയാക്കാമൊ അങ്ങിനെ ചെയ്യേണ്ടതാണു്. എനിക്കു ഒന്നുകൂടി പറയാനുണ്ടു്. എന്നോടു ചീഫ് ഇഞ്ചിനീയർ പണ്ടു പറഞ്ഞു "പുഴനികന്നുവരുന്നു" എന്നു്. ഇതു ഒരു പുതിയ കണ്ടുപിടുത്തമല്ല. സാധാരണ പുഴകൾ ഒക്കെ നികന്നു വരിക പതിവാണു്. ഇതിനുപുറമെ ഫ ൽ ചിറകൾ കരുവന്നൂർ പുഴയിലുണ്ടു്. ആ പുഴകെട്ടിയാൽ ആ മണ്ണും സ്വതേ പുഴയിൽ വന്നുകൂടുന്ന മണ്ണും കൂടി ക്രമേണ പുഴനികന്നു വരുമെന്നാണു് നമുക്കു മനസ്സിലാക്കുവാൻ സാധിക്കുന്നതു്. പുഴനികന്നുവന്നാലും ഇല്ലെങ്കിലും ഈ ബണ്ടു ശരിയാക്കിത്തരണമെന്നാണു് എനിക്കു പറയുവാനുള്ളതു്. ഈകൊല്ലം മലവെള്ളം ഇല്ലാത്തതുകൊണ്ടു അവിടെ ഉപദ്രവം ഇല്ലെങ്കിലും മലവെള്ളം എപ്പോഴാണു് വരികയെന്നു നിശ്ചയമില്ലാത്തതുകൊണ്ടു ഇനിയെങ്കിലും വൈകിക്കാതെ ബണ്ടു മേലാൽ കേടുവരാത്തതരത്തിൽ വേണ്ടതു ചെയ്യണമെന്നാണു് ഞാൻ ഈ ഉപക്ഷേപം കൊണ്ടാവശ്യപ്പെടുന്നതു്. ഈ ഉപക്ഷേപം ഞാൻ ഈ സഭ മുമ്പാകെ അവതരിപ്പിക്കുന്നു.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ : സർ, മിസ്റ്റർ അച്യുതമേനോന്റെ ഈ ഉപക്ഷേപത്തെ ഞാൻ പിന്താങ്ങുന്നു. എന്റെ നിയോജകമണ്ഡലത്തിലെ അയൽവക്ക നിയോജകമണ്ഡലത്തിലെ ഒരു കാര്യം എന്ന നിലക്കു മാത്രമല്ല, കരുവന്നൂരുള്ള ജനങ്ങളിൽ മിക്കപേക്കും കൊല്ലംതോറുമെന്നവണ്ണം നേരിടാവുള്ള ആപത്തുകളിൽ പലപ്പോഴും ഇടപെടേണ്ടിവന്നിട്ടുള്ള ഒരാൾ എന്ന നിലക്കും എനിക്കു് ഇതിനെ പിന്താങ്ങാൻ വളരെ സന്തോഷമുണ്ടു്. കരുവന്നൂരിലേയും അതുപോലെ മറ്റു ഏതാനും ചില പ്രദേശങ്ങളിലേയും ജനങ്ങൾക്കു മലവെള്ളംകൊണ്ടുള്ള ഉപദ്രവം കൊല്ലംതോറുമുള്ള ഒരു സംഭവമായി വരുത്തക്കവണ്ണം നമ്മുടെ ഗവൺമെണ്ടു് ആ കാര്യങ്ങളോടു കേവലം അനാസ്ഥ അനുഷ്ഠിക്കുകയാണു ചെയ്യുന്നതെന്ന പരാതിയെക്കുറിച്ചു് ഒരു ചോദ്യത്തിനും അവകാശമുണ്ടെന്നു തോന്നുന്നില്ല. അതിന്റെ ഫലമായി "മലവെള്ളദുരിതനിവാരണസംഘം" എന്ന പേരിലൊ മറ്റൊ ഒരു സംഘം സ്ഥിരമായി അവിടെ ഉണ്ടായിട്ടുണ്ടെന്നും അറിയുന്നുണ്ടു്. മലവെള്ളം വരുമ്പോഴൊക്കെ ഇങ്ങിനെ ഒരു ദുരിതനിവാരണസംഘത്തിന്റെ പേർ കേൾക്കാറുണ്ടു്. ആ കൂട്ടർ ചീഫ് ഇഞ്ചിനീയരുടെ ഡിപ്പാർട്ടുമെണ്ടുമായി ബന്ധപ്പെടാറുമുണ്ടു്. ഈ മലവെള്ളം എന്നും ഉണ്ടാകുന്നതാണു്. ആ മലവെള്ളംകൊണ്ടു കൊല്ലംതോറും ജനങ്ങൾക്കുണ്ടാകുന്ന അപായവും കഷ്ടനഷ്ടങ്ങളും നേരിടാതെയിരിക്കാൻ വേണ്ടതു ചെയ്യുന്നതിനു ഗവൺമെണ്ടിനെക്കൊണ്ടു സാദ്ധ്യമല്ലെന്നാണു് അവർ വിചാരിക്കുന്നതെങ്കിൽ അതു അവർ പറഞ്ഞാൽ കൊള്ളാം. എനിക്കു് അധികം പ്രായം ആയിട്ടില്ലെങ്കിലും ഉള്ള പ്രായത്തിന്റെ അവസ്ഥക്കു് ഈ കരുവന്നൂർ വെള്ളത്തിന്റെ കാര്യം പഴയൊരു കാര്യമാണെന്നു് അനുഭവിച്ചും കേട്ടും ഞാൻ അറിഞ്ഞിട്ടുണ്ടു്. തല്ക്കാലത്തേയ്ക്കുള്ള ഒരു കാര്യമാണു് ഈ കരുവന്നൂർക്കാരുടെ സങ്കടമെങ്കിൽ അതു സഹിക്കാമായിരുന്നു.

ഈ ദുരിതത്തിനുള്ള ഒരു നിത്യമായ ഉപശാന്തി ഉണ്ടാക്കേണ്ടതിനാവശ്യമായ ഒരു പദ്ധതി തയ്യാറാക്കാനുള്ള കഴിവുകൾ അവക്കുണ്ടോ? അതനുസരിച്ചു് അതു നടപ്പിൽ വരുത്താനുള്ള സന്നദ്ധത അവക്കുണ്ടോ ഇല്ലയോ എന്നുമാത്രമേ അറിയേണ്ടതുള്ളു. പണമുണ്ടെങ്കിൽ, അതിനുള്ള കഴിവുണ്ടെങ്കിൽ ഇനി ഒരവസരത്തിൽ ഈ ആവലാതി ആവർത്തിക്കപ്പെടാനിടയാക്കരുതെന്നും അതിനാവശ്യമായ നടപടി ഉടനെ നടപ്പിൽ വരുത്തണമെന്നും അഭ്യർത്ഥിച്ചുകൊള്ളുന്നു.

മിസ്റ്റർ കെ. ടി. അച്യുതൻ : സർ, എനിക്കും ഈ കാര്യത്തിൽ ഗവൺമെണ്ടിനോടു് ഒരഭ്യർത്ഥനയുണ്ടു്. മലവെള്ളം ഉണ്ടായി എന്നു ഗവൺമെണ്ടു് അറിയുന്നതുതന്നെ ആ പ്രദേശങ്ങൾ മുഴുവനും വെള്ളം കയറി നശിച്ചുകഴിഞ്ഞതിനു ശേഷമാണു്. കാറളം, കരുവന്നൂർ

LIBRARY ARCHIVES Kerala Legislative Assembly

മുതലായ പ്രദേശങ്ങളിൽ രണ്ടോ മൂന്നോ മഴ പെയ്താൽ മതി മലവെള്ളം വന്നുകയറാൻ. അതുകൊണ്ട് അങ്ങിനെയുണ്ടാകുന്ന മലവെള്ളത്തെ തടുക്കത്തക്ക ബണ്ടായിരിക്കണം ഗവൺമെന്റിൽനിന്നുണ്ടാക്കേണ്ടതു്. ബഹുമാനപ്പെട്ട ചീഫ് ഇഞ്ചിനീയർക്കു് അവിടത്തെ സ്ഥിതി അറിയാം. അദ്ദേഹം എല്ലാ കൊല്ലവും അവിടെ പോയി നോക്കാറുണ്ടു്. ഈ കൊല്ലം തന്നെ അദ്ദേഹം അവിടെ പോയിട്ടുണ്ടു്. സാധാരണ മലവെള്ളക്കാലത്തേയ്ക്കു മാത്രമായാൽ മതിയായ ഒരു ബണ്ടല്ല അവിടെ ആവശ്യം. ഒന്നുകിൽ തിണ്ടു് ഉയർത്തി വെള്ളം ഒഴുകിപ്പോകുന്നതിനുള്ള നിലയിൽ എന്തെങ്കിലും ചെയ്യണം. അല്ലെങ്കിൽ ഈ ബണ്ടു് ഒരിക്കലും പൊട്ടാത്ത തരത്തിൽ സ്ഥിരമായി നന്നാക്കി നിർത്തണം. എങ്ങിനെ ആയാലും വേണ്ടതില്ല മുക്കനാട്ടു, കരുവന്നൂർ ഭാഗങ്ങളിലുള്ള ജനങ്ങൾക്കു മലവെള്ളം മൂലമുള്ള ഉപദ്രവം കൂടാതെ ജീവിക്കത്തക്ക സൌകര്യങ്ങൾ ചെയ്തുകൊടുക്കണം.

മിസ്റ്റർ സി. ജെ. ചിറയത്തു് : സർ, ഞാൻ ഈ ഉപക്ഷേപത്തെ പിന്താങ്ങുന്നു. കരുവന്നൂർ, മുക്കനാട്ടു പ്രദേശം മാത്രമല്ല, തൊട്ടിപ്പാൾ, പാറപ്പുറം മുതലായ ഇതരപ്രദേശങ്ങളും കനമാലി പഴയന്നിക്കുള്ള മലവെള്ളംകൊണ്ടു വളരെ സങ്കടം അനുഭവിക്കുന്നുണ്ടു്. എല്ലാ കൊല്ലവും കുറേശ്ശേ പണം ചിലവു ചെയ്തു് എന്തെങ്കിലും ചെയ്യുന്നതുകൊണ്ടു് ആ പ്രദേശക്കാർക്കു പറയത്തക്ക യാതൊരു പ്രയോജനവുമില്ല. അതുകൊണ്ടു നല്ലതായ ഒരു സ്കീമുണ്ടാക്കി ഈ പ്രദേശത്തുള്ളവരെ രക്ഷിക്കാനുള്ള മുതല ഗവൺമെന്റിനാണു്. അതിനായി വേണ്ട നടപടികൾ ഉടനെതന്നെ എടുക്കേണ്ടതാണെന്നു് അഭ്യർത്ഥിക്കുന്നു.

Mr. V. K. Aravindaksha Menon *(Chief Engineer)* : The Government have been alive to the importance of the damages caused by the lands around the Karuvannur and the Government have done many works of flood protection in that area. I remember the days of the big floods of 1099. The Karvannur-north bund used to breach almost every alternate year. In 1101 it breached and then in 1104 it was a very huge flood and then also much areas have been devastated on the Karlom side. Again in 1106 there was another breach and each one of these breaches on the northern side meant a loss of crops of over three thousand acres, which means over 3 lakhs of rupees worth of damage almost every year. We took up this question in great earnest and we constructed several works to prevent the height of floods and breaches on the Karuvannur Bund. As a result from 1106 onwards in the present dam, for 15 years, there have been no breaches on the Karuvannur-north Bund. But it has not been possible to raise the bunds on the southern side which is the subject matter of this cut motion for two reasons. If the southern bund is also raised above its present level the water level in the river also will be raised. I have noticed that the river is discharging its maximum quantity of water that channel can discharge. If the height of water level is raised any further, erotions on the banks will occur as it is already occurring in many places. The banks are vertical and the situation will become very much more severe. So I would not advise the Government or this House that they should press me for raising the bunds on the southern side as an alternative of the many schemes of flood prevention that I have suggested. The widening of the Muriyad Murkanad Canal is one that has been objected to by certain sections of this House and the work is kept on account of those objections. If the Muriyad Murkanad Canal is widened, then a large portion of water instead of going up the Karuvannur river can go through that channel and go up into sea.

Mr. K. S. Panicker *(Trichur-Ezhuvas)* : Karlom will suffer.

Mr. V. K. Aravindaksha Menon *(Chief Engineer)* : In my opinion they won't suffer any more than they do now, so that what I would suggest is for the permission to widen that canal to 50 feet. Now it is only 25 feet.

Mr. K. S. Panicker *(Trichur-Ezhuvas)* : If the Manali river is diverted then there will be no question.

Mr. V. K. Aravindaksha Menon *(Chief Engineer)* : The diversion of Manali river can be done, but it will not be very effective because the off-take channel from the Manali river till it reaches the Kanimangalam peer will be 4 or 5 miles. Being a long canal the discharge of the same will be very much less than the Muriyad canal. The length will be only about two or three furlongs but in any case we are now protecting this Muriyad-Murkanad Bund as much as we can and wherever there is any danger of the breeches we are taking action and in the next year's budget also we have provided some amount. If more expenditure will be necessary to maintain that bund I shall see that proper actions will be taken.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ : സർ, ബഹുമാനപ്പെട്ട ചീഫ് ഇഞ്ചിനീയർ അവർകളുടെ മറുപടി നന്നായി കേൾക്കുകയുണ്ടായി. ഈ കാര്യങ്ങളിൽ സാങ്കേതികമായ പരി

LIBRARY ARCHIVES Kerala Legislative Assembly

ജ്ഞാനം ഈ സഭയുടെ ഈ ഭാഗത്തിരിക്കുന്നവർക്ക് ഇല്ലെന്നുള്ളതു തീച്ചയാണ്. മലവെള്ള മുണ്ട്, അതിനു നിവാരണം കാണാൻ എന്തൊക്കെയാണു വേണ്ടതെന്നാലോചിച്ചു ചെയ്യാനാണു നിങ്ങൾ അവിടെ ഇരിക്കുന്നതു്. അതു നിങ്ങളുടെ ചുമതലയാണു്. ചിറക്കു പൊക്കം കൂട്ടിയാൽ പൊട്ടുമെങ്കിൽ അതു പൊട്ടാത്തതരത്തിൽ ചെയ്യണം. മുക്കനാട്ട മുരിയാട്ട കനാൽ ഗവണ്മെണ്ടു് ഒരുകാലത്തു ചെയ്യാൻ ഉദ്ദേശിച്ചിരുന്ന രീതിയിൽ കായത്തുരുത്തിയിൽ കൊണ്ടുപോയി വിടുന്നതായാൽ അതു വലിയ ഒരു കായ്മാണു്. അതു ഫണ്ടില്ലാവാദംകൊണ്ടാണു നിറുത്തിവെക്കാനിടയായതു്. പക്ഷെ മുക്കനാട്ട മുരിയാട്ട കനാലിലെ വെള്ളംകൊണ്ടു കാറളത്തേയും കാട്ടൂരിനേയും വെള്ളത്തിൽ മുക്കിക്കളയരുതു്. എനിക്കു പറയാനുള്ളതു് അവിടെ ബണ്ടു പൊട്ടാതെ തുക്കണം. അതേസമയം മറ്റു പ്രദേശങ്ങളും മുങ്ങിപ്പോകയുമരുതു് എന്നാണു്.

എനിക്കിനി ഒരു കായ്മും വ്യക്തമാക്കേണ്ടതുണ്ടു്. ഈ ഭാഗത്തുള്ളവരുടെ കാലാവധി എത്ര കാലത്തേക്കാണെന്നു രീച്ചയാക്കാൻ നിവൃത്തിയില്ല. ഉള്ള കാലത്തോളം, കരുവന്നൂർ മുക്കനാട്ട ബണ്ടിന്റെ കായ്മും, വലിയൊരു വിഭാഗം ജനങ്ങളെ ബാധിക്കുന്ന കാര്യമാണു്. ആ ആളുകളുടെ ദുരിതങ്ങൾ കണ്ടുകൊണ്ടു ഞങ്ങൾ ഒരിക്കലും വെറുതെയിരിക്കയില്ലെന്നുള്ളതു തീച്ചയാണു്. ആ കായ്മും ഞങ്ങൾ കൊണ്ടുവരും, പ്രസ്സു ചെയ്യും, പാസ്സാക്കും.

ഏതായാലും ഈ സഭയുടെ അഭിപ്രായമറിയാനായിട്ടു് ഈ ഉപക്ഷേപം ഞാൻ പ്രസ്സു ചെയ്യുന്നു.

Mr. Panel Chairman: I think the noes have it.

Puthur Achyutha Menon *(Kattur):* Poll, Sir.

Ayes

1.	Mrs. T. Francis	18.	Mr. Balakrishna Menon.
2.	Miss. Annie Joseph.	19.	,, K. S. Panicker.
3.	Mr. P. Narayana Menon.	20.	,, K. T. Achuthan.
4.	,, P. Govinda Menon.	21.	,, P. M. Mayankutty.
5.	,, V. R. Krishnan Ezhuthassan.	22.	,, Jos. K. Verghese.
6.	,, P Achvutha Menon.	23.	,, P. A. Mohamed Ashroff.
7.	,, P. T. Jacob.	24.	,, T. K. L. Kunjuvareed.
8.	,, C. S. Panicker.	25.	,, Joseph C. Cherayath.
9.	,, P. K. Paul.	26.	,, K. I Velayudhan.
10.	,, P. Sankara Menon.	27.	,, M. O. Thomakutty.
11.	,, M. K. Raja.	28.	,, Paramel Ipe Ipe.
12.	,, M. I. Paul.	29.	,, M. K. Verghese.
13.	,, P. Kumaran Ezhuthassan.	30.	,, K. K. Kannan.
14.	,, G. S. Dhara Singh.	31.	,, P. K. Dewer.
15.	,, P. Mani	32.	,, K. Kochukuttan.
16.	,, C. L. Ittiravi Namboodiri.	33.	,, K. A. Raghavan.
17.	Rao Sahib K. Ayyappan.	34.	Dr. S. S. Rao.

Noes

1.	Mr. P. V. Raphael.	6.	Mr. M. Sivarama Menon.
2.	,, V. K. Aravindaksha Menon.	7.	,, K. S. Raghavan.
3.	Rao Sahib I N. Menon.	8.	,, C. J. Mathew.
4.	Mr. A. Madhava Prabhu.	9.	,, S. Venkateswaran.
5.	,, B. V. K. Menon.	10.	Rao Sahib M. M. Paul.

Mr. Panel Chairman: The motion is, therefore, carried by 34 votes to 10.

CUT MOTION No. 16

BRIDGES TO CONNECT ERNAKULAM, MULAVUKAD AND VYPEEN ISLANDS

Rao Sahib K. Ayyappan *(Kanayannur-Ezhuvas):* To reduce the allotment of Rs. 12,22,453 for communications—Public Works in Demand No. 30 by Re. 1. *To request the Government to include in the Post-war Development works, a scheme to connect Ernakulam, Mulavukad Panampukad and Vypeen Islands by bridges, extend Vypeen—Pallippuram Road to Ernakulam and extend Alwaye water Pipe System and electricity to the above-mentioned places.*

സർ, ഞാൻ ഒരു വിദഗ്ദ്ധന്റെ നിലയിലല്ല ഇതുകൊണ്ടുവന്നതെന്ന ആദ്യമെ സമ്മതിച്ചുകൊള്ളുന്നു. പക്ഷെ ചില കായ്ത്തിൽ വിദഗ്ദ്ധന്മാരേക്കാൾ കൂടുതൽ അറിവും അനുഭവ

LIBRARY ARCHIVES Kerala Legislative Assembly